KERALAKAUMUDI 101
Established by C.V. Kunjuraman as a periodical in 1911



*ശ്രീനാരായണ സാഹിത്യ പരിഷത്തിന്റെ മാദ്ധ്യമ അവാർഡ് കേരളകൗമുദി ഡെപ്യൂട്ടി എഡിറ്റർ പി.പി. ജയിംസിന് സ്പീക്കർ ജി. കാർത്തികേയൻ നൽകുന്നു. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ, ഗുരുവായൂർ ദേവസ്വം ചെയർമാൻ ടി.വി. ചന്ദ്രമോഹൻ തുടങ്ങിയവർ സമീപം*

# വിഭാഗീയത വെല്ലുവിളി: സ്പീക്കർ

തൃശൂർ: വളർന്നുവരുന്ന വിഭാഗീയതയാണ് രാഷ്ട്രീയ പാർട്ടികൾ നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന് സ്പീക്കർ ജി. കാർത്തികേയൻ പറഞ്ഞു.

ശ്രീനാരായണ സാഹിത്യ പരിഷത്തിന്റെ വിവിധ അവാർഡുകൾ തൃശൂർ സാഹിത്യ അക്കാഡമിയിൽ നടന്ന ചടങ്ങിൽ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം.

രാഷ്ട്രീയ തത്വസംഹിതകൾ ഉൾക്കൊണ്ട് ഒരേ പായയിൽ കിടന്നുറങ്ങിയവരാണ് ഒരു പ്രഭാതത്തിൽ രണ്ടായി വേർപിരിയുന്നത്. മുഖ്യധാര രാഷ്ട്രീയ പാർട്ടികൾക്ക് ഈ പ്രവണത കടുത്ത ആഘാതമാണെന്ന് അദ്ദേഹം പറഞ്ഞു.

ശ്രീനാരായണഗുരുവിനെ കാണാൻ ബ്രിട്ടീഷ് സാമ്രാജ്യത്തെതന്നെ മുട്ടുകുത്തിച്ച മഹാത്മാഗാന്ധി അങ്ങോട്ട് പോവുകയാണ് ചെയ്തത്. ഒരു പഞ്ചായത്ത് പ്രസിഡന്റുപോലും എല്ലാം തന്റെ കാൽക്കീഴിലാണെന്ന് കരുതുന്ന കാലമാണ് ഇന്ന്. ഗുരുദേവൻ ഒരു സന്യാസിവര്യൻ മാത്രമായിരുന്നില്ല. സാമൂഹ്യപരിഷ്കർത്താവും ഒന്നാന്തരം സാഹിത്യകാരനുമായിരുന്നു.

മികച്ച സാമൂഹ്യ പ്രവർത്തകനുള്ള അവാർഡ് ഗുരുവായൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് ടി.വി. ചന്ദ്രമോഹൻ, മാദ്ധ്യമ അവാർഡ് കേരളകൗമുദി ഡെപ്യൂട്ടി എഡിറ്റർ പി.പി. ജയിംസ്, ശ്രീനാരായണഗുരു അവാർഡ് എസ്.എൻ.ഡി.പി യോഗം പുതുക്കാട് യൂണിയൻ പ്രസിഡന്റ് സി.ജെ. ജനാർദ്ദനൻ, സാഹിത്യത്തിലെ സമഗ്രസംഭാവനയ്ക്കുള്ള അവാർഡ് ശിവഗിരി മാസികയുടെ മാനേജിംഗ് എഡിറ്റർ സ്വാമി അവ്യയാനന്ദ എന്നിവർ സ്പീക്കറിൽ നിന്ന് ഏറ്റുവാങ്ങി.

ശ്രീനാരായണ സാഹിത്യ പരിഷത്ത് പ്രസിഡന്റ് ഡോ. തോളൂർ ശശിധരൻ അദ്ധ്യക്ഷത വഹിച്ചു.

ഷൂട്ട് @ സൈറ്റ് എസ്.എസ്. റാം



***ബാബുപോളല്ല, പിറവം 'പോളാ'ണ് പ്രശ്നം:*** *തിരുവനന്തപുരം പ്രസ് ക്ളബിൽ ആർ. ബാലകൃഷ്ണപിള്ളയുടെ ആത്മകഥാ പ്രകാശന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ഡോ. ഡി. ബാബുപോളും ആർ. ബാലകൃഷ്ണപിള്ളയും*

# ബാലകൃഷ്ണപിള്ള പ്രതികാര രാഷ്ട്രീയത്തിന്റെ ഇര: മുഖ്യമന്ത്രി

തിരുവനന്തപുരം: ആർ. ബാലകൃഷ്ണപിള്ള പ്രതികാര രാഷ്ട്രീയത്തിന്റെ ഇരയാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. പിള്ള അഴിമതിക്കാരനാണെന്ന് വിശ്വസിക്കുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബാലകൃഷ്ണപിള്ളയുടെ ആത്മകഥ പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ചലച്ചിത്ര നടൻ മധുവിന് ആദ്യപ്രതി നൽകിയായിരുന്നു പ്രകാശനം. ചടങ്ങിന് മന്ത്രി ഗണേശ്കുമാർ എത്തിയിരുന്നില്ല.

അഴിമതിക്കാരനാണെന്ന് വിശ്വസിക്കുന്നില്ലെന്ന മുഖ്യമന്ത്രിയുടെ അഭിപ്രായം തനിക്കു ലഭിച്ച ഏറ്റവും വലിയ അംഗീകാരമാണെന്ന് മറുപടി പ്രസംഗത്തിൽ ബാലകൃഷ്ണപിള്ള പറഞ്ഞു.

ഇടമലയാർ കേസിൽ ആരെങ്കിലും അകത്ത് കിടക്കേണ്ടിയിരുന്നെങ്കിൽ അത് ബാലകൃഷ്ണപിള്ള ആയിരുന്നില്ലെന്ന് അദ്ധ്യക്ഷത വഹിച്ച ഡോ.ഡി. ബാബുപോൾ പറഞ്ഞു.

അച്ഛന്റെ സുഹൃത്തായ ബാലകൃഷ്ണപിള്ള തന്റെയും സുഹൃത്താണെന്ന് നടൻ മധു പറഞ്ഞു. അദ്ദേഹത്തിന്റെ മകനും സുഹൃത്താണ്. അവർ തമ്മിലുള്ള പ്രശ്നം പരിഹരിക്കാൻ അവരെ സ്നേഹിക്കുന്നവർ ശ്രമിക്കണമെന്നും മധു പറഞ്ഞു.

മുതിർന്ന പത്രപ്രവർത്തകൻ കെ.ജി. പരമേശ്വരൻ നായർ, ഡി.സി ബുക്സ് സീനിയർ അസിസ്റ്റന്റ് എഡിറ്റർ അമൃതരാജ് എന്നിവർ സംസാരിച്ചു

## കോച്ച് ഫാക്ടറി: ഓർക്കാത്തതിൽ വിഷമമെന്ന് പിള്ള

കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടതിൽ സന്തോഷമുണ്ടെങ്കിലും പണ്ട് ഇതിന്റെ പേരിൽ മന്ത്രിസ്ഥാനം നഷ്ടപ്പെട്ട തന്നെ ആരും ഓർക്കാത്തതിൽ വിഷമമുണ്ടെന്ന് ആർ. ബാലകൃഷ്ണപിള്ള പറഞ്ഞു.

അന്ന് നമുക്ക് അനുവദിച്ച കോച്ച്ഫാക്ടറി പഞ്ചാബിലെ കപൂർത്തലയ്ക്ക് നൽകിയതിൽ വിഷമം പ്രകടിപ്പിച്ചതാണ് പഞ്ചാബ്മോഡൽ പ്രസംഗമായി ചിത്രീകരിച്ച് തന്റെ സ്ഥാനം നഷ്ടപ്പെടുത്തിയത്.

25 വർഷം മുമ്പ് ആ ഫാക്ടറി കിട്ടിയിരുന്നെങ്കിൽ നേട്ടങ്ങൾ പലതായിരുന്നു. 35,000 പേർക്ക് ജോലി നൽകാൻ കഴിയുന്ന, 1500 കോച്ചുകൾ നിർമ്മിക്കാൻ കഴിയുന്ന ഫാക്ടറിയാണ് നൽകാമെന്ന് പറഞ്ഞിരുന്നത്. ഇന്ന് ലഭിച്ചത് വെറും 400 കോച്ചുകൾ നിർമ്മിക്കാൻ കഴിയുന്നത് മാത്രം. ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിക്കുന്നതിനാൽ തൊഴിലവസരം 5000 ആയി കുറഞ്ഞു.

# ഇന്ന് സിനിമാ സമരം

തിരുവനന്തപുരം: കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയ സർവീസ് ടാക്സ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേരളത്തിലെ സിനിമാ സംഘടനകൾ ഇന്ന് സമരം ചെയ്യും. കേരള ഫിലിം ചേംബർ ഒഫ് കോമേഴ്സ്, അമ്മ, ഫെഫ്ക, പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ, ഫിലിം ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ, ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷൻ, സിനി എക്സിബിറ്റേഴ്സ് അസോസിയേഷൻ തുടങ്ങിയ സംഘടനകളെല്ലാം സമരത്തിൽ പങ്കെടുക്കും. രാവിലെ 10ന് കൊച്ചിയിൽ സരിതാ തിയേറ്ററിൽ നിന്ന് സെൻട്രൽ എക്സൈസ് കമ്മിഷണർ ഓഫീസുവരെ നടക്കുന്ന മാർച്ചിൽ സൂപ്പർതാരങ്ങൾ ഉൾപ്പെടെയുള്ളവർ പങ്കെടുക്കും.

**രണ്ടാം ചരമവാർഷികം**
**(23.02.2012)**



Col.
K. Radhakrishnan
[Jat Regiment]
-ദുഃഖിതരായ കുടുംബാംഗങ്ങൾ.










Vol. No. 102 Issue No. 53 R.No. 3052/57 (R.No. KL/TV(N) 72/2012-14) Printed and Published by M.S. Ravi from Kaumudi Buildings, Trivandrum-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Trivandrum. Phone: **2461010, 2461050, 3941050,** Fax: 3078979 e-mail: news @ keralakaumudi.com, desk@kaumudi.com Editor: M.S. Madhusoodanan. Managing Editor: Deepu Ravi. (Responsible for selection of news under the PRB Act) Editor-in-Chief: M.S.Mani